പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5619 — 6.7.2012 ൽ മറുപടി നൽകേണ്ടിയിരുന്നത്

## പട്ടികജാതി വിഭാഗക്കാർക്കായുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. അജിത് | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ)ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികജാതി വിഭാഗത്തിൽ പ്പെടുന്ന എത്ര ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി മുഖേന നിയമനം ലഭിച്ചു എന്നും അത് ഏതൊക്കെ വകുപ്പുകളിലും ഏതൊക്കെ സ്ഥാപനങ്ങളിലുമാണെന്നും വിശദമാക്കാമോ; | (എ) | 18.5.2011 മുതൽ 10.7.2012 വരെ പി.എസ്.സിയിൽ നിന്നും നിയമന ശുപാർശ ചെയ്ത പട്ടികജാതിയിൽപ്പെട്ട 4006 ഉദ്യോഗാർത്ഥികളുടെ തസ്തിക തിരിച്ച കണക്ക് അനുബന്ധം I- ൽ കാണാവുന്നതാണ്. |
| (ബി)ഈ സർക്കാർ അധികാരമേറ്റശേഷം സംവരണപ്രകാരം പട്ടികജാതി വിഭാഗക്കാരുടെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തിയി ട്ടുണ്ടോ ; എന്ന് വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികജാതിയിൽപ്പെട്ടവർക്ക് മാത്രമായി റിപ്പോർട്ട് ചെയ്ത 67 ഒഴിവുകളിൽ 51 ഒഴിവുകളിലേയ്ക്ക് നിയമന ശുപാർശ നടത്തുകയും ശേഷിക്കുന്ന 16 ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |
| (സി)ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികജാതി വിഭാഗത്തിൽ പ്പെട്ടവർക്കായുള്ള ഒഴിവുകൾ നികത്തുന്നതിന് 'സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ഏതൊക്കെ വകുപ്പുകളിലെ നിയമനത്തിനുവേണ്ടിയാണെന്ന് വ്യക്തമാക്കുമോ; | (സി) | ഉണ്ട്, വിശദവിവരം അനുബന്ധം -II-ൽ കാണാവുന്നതാണ്. |

| | | |
|---|---|---|
| (ഡി)സംസ്ഥാന സർക്കാർ വകുപ്പുകളിലെ ക്ലാസ് 1 വിഭാഗത്തിൽപ്പെട്ട തസ്തികകളിൽ പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവരുടെ നിയമനത്തിനായുള്ള ഒഴിവുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ വകുപ്പുകളിലാണെന്ന് വ്യക്തമാക്കാമോ; | (ഡി) | പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗക്കാർക്കായി സ്പെഷ്യൽ റിക്രൂട്ട്മെന്റിനു വേണ്ടി സംവരണം ചെയ്തിട്ടുള്ള ഒഴിവുകളിൽ ഗ്രൂപ്പ് 'എ' (ക്ലാസ്സ്-1) വിഭാഗത്തിൽപ്പെട്ട തസ്തികകൾ ഇല്ല. |
| (ഇ)പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കായി സംവരണം ചെയ്തിരുന്ന ഒഴിവുകളിലെ നിയമനത്തിന് ഉദ്യോഗാർത്ഥികൾ ഇല്ലാതിരുന്നതുമൂലം പ്രസ്തുത നിയമനം മറ്റേതെങ്കിലും വിഭാഗക്കാർക്ക് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഇ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് General/Special Recruitment മുഖേന നികത്തേണ്ട ഒഴിവുകൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ അഭാവത്തിൽ പട്ടികവർഗ്ഗത്തിനും, പട്ടികവർഗ്ഗത്തിന്റെ അഭാവത്തിൽ പട്ടികജാതിയ്ക്കും നൽകുവാൻ ആണ് നിലവിൽ വ്യവസ്ഥയുള്ളത്. ടി രണ്ടു വിഭാഗങ്ങളുടേയും അഭാവത്തിൽ പ്രസ്തുത ഒഴിവുകളിലേയ്ക്കായി NCA വിജ്ഞാപനം പുറപ്പെടുവിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ

[illegible]